LIBRARY ARCHIVES Kerala Legislative Assembly

നഗരങ്ങളിലെ മാലിന്യസംസ്കരണത്തിനായി പദ്ധതികൾ

113 (3397) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൊണ്ടുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് കൂടുതൽ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി ഉയർന്ന തോതിൽ സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയവ കുറ്റമറ്റതാക്കി ആധുനിക രീതിയിലാക്കുന്നതിനും 100% സാമ്പത്തിക സഹായം നൽകിവരുന്നു. നഗരമാലിന്യങ്ങൾ സംസ്കരിക്കുന്നതിലേയ്ക്കായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പി.പി.പി. അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) യൂറോപ്യൻ യൂണിയനും ബ്രിട്ടനും നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും യൂറോപ്യൻ യൂണിയനും ജർമനി പോലുള്ള രാജ്യങ്ങളും നടപ്പിലാക്കി വരുന്ന അജൈവ മാലിന്യങ്ങളുടെ പുനഃചംക്രമണ പദ്ധതിയും ഇവിടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ട്.